വൈറ്റില ഫ്ലൈ ഓവർ :

നാഷണൽ ഹൈവേ എൻ.എച്ച് 47, സഹോദരൻ അയ്യപ്പൻ റോഡ്, കണിയാമ്പുഴ റോഡ് എന്നിവ കൂടിച്ചേരുന്ന സ്ഥലമായ വൈറ്റില ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കേരള ഗവൺമെന്റിന്റെ SPEED കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വൈറ്റില ഫ്ലൈ ഓവർ നിർമ്മാണത്തിനായി G.O(MS)No.18/2014/PWD dated 22-2-2014 എന്ന ഉത്തരവ് പ്രകാരം 109 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫ്ലൈ ഓവർ നിർമ്മാണത്തിന് soil investigation, site survey, structural design, traffic census-എന്നിവ ചെയ്യുന്നതിനായി 2,74,30,312 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി ഇടങ്ങുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം മോണോറെയിൽ (കഴക്കൂട്ടം-കേശവദാസപുരം റോഡ് വീതി കൂട്ടൽ)

നിർദ്ദിഷ്ട പള്ളിപ്പുറം മുതൽ കിള്ളിപ്പാലം വരെയുള്ള 22 കി.മീ മോണോറെയിൽ/ലൈറ്റ് മെട്രോയുടെ ഭാഗമായി കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡിന്റെ നാലുവരിപ്പാതയാക്കൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള 9.35 കി.മീ. റോഡ് 24 മീറ്റർ ROW-യിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റ് NATPAC തയ്യാറാക്കുകയും അലൈൻമെന്റ് സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ ഭാഗത്തെ നിലവിലെ ROW 11 മീറ്റർ മുതൽ 16 മീറ്റർ ആകുന്നു. NATPAC ഉണ്ടാക്കിയ DPR പ്രകാരം ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ചെലവ് 548 കോടി രൂപയാകുന്നു. ഇതിൽ 121 കോടി രൂപ റോഡ് പണിക്കും 9.237 ഹെക്ടർ സ്ഥലമെടുപ്പിനായി 342 കോടി രൂപയും ബാക്കി (85 കോടി രൂപ) പദ്ധതിയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നഷ്ടപരിഹാരവുമാകുന്നു. പദ്ധതിയുടെ ഭരണാനുമതി സർക്കാർ പരിഗണനയിലാണ്. ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

ലൈറ്റ് മെട്രോ പദ്ധതി

270 (†1314) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† മാറ്റി വച്ച ചോദ്യമായി സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏത് രീതിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ആസൂത്രണ ബോർഡിന്റെ ശിപാർശ എന്താണ് ;

(ഡി) പദ്ധതി നടത്തിപ്പിനായി പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത് ആരൊക്കെയാണ് ;

(ഇ) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ഉത്തരം

(എ) തടസ്സങ്ങളൊന്നും നിലവിലില്ല.

(ബി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) ആസൂത്രണബോർഡിന്റെ ശിപാർശകൾ താഴെ പറയുന്നു :

1. ഡി. പി. ആർ. വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.
2. ട്രാക്കിന്റെ അനുയോജ്യത, കയറ്റം, വളവുകൾ, തിരിവുകൾ, സിവിൽ സ്ട്രക്ചറുകൾ മുതലായവ പരിശോധിച്ച് ഭാവിയിൽ സാങ്കേതിക തകരാറുകൾ ഉണ്ടാകുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.
3. ഡി. എം. ആർ. സി., ഡി.പി.ആറിൽ പ്രതിപാദിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി ലൈറ്റ് മെട്രോ നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതും, അതനുസരിച്ച് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേണിൽ വർദ്ധന വുണ്ടാക്കേണ്ടതുമാണ്.
4. പരസ്യത്തിലൂടെയുള്ള വരുമാനവും property development-ലൂടെയുള്ള വരുമാനവും തീരെ കുറവായി കണക്കാക്കപ്പെടുന്നു.
5. PPP model-ൽ നടപ്പിലാക്കാനുള്ള സാധ്യതകൾ ആരായാനായി ഒരു വിദഗ്ധന്റെ സേവനം തേടാവുന്നതാണ്.
6. സർക്കാർ ഏറ്റെടുത്ത് നടത്തുന്ന ബൃഹത് പദ്ധതികളായ കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് എന്നിവയുടെ പുരോഗമനത്തിനോടൊപ്പം ഈ പദ്ധതിക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിശദമായ പഠനറിപ്പോർട്ട് സമർപ്പിച്ചത് ഡി.എം.ആർ.സി.-യാണ്.

(ഇ) പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

കൊല്ലം ബൈപ്പാസ് നിർമ്മാണം

271 (1315) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ബൈപാസ്സ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) കേന്ദ്രഗതാഗത മന്ത്രാലയം ടെണ്ടർ അംഗീകരിച്ചോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് വരുന്ന തുക എത്രയെന്നും നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കുമെന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) 50% കേന്ദ്രസഹായത്തോടെ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിനായി 277.24 കോടി രൂപയുള്ള കരാർ വച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനർനിർമ്മാണ നടപടികൾ

272 (1316) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനഃനിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ;

(ബി) എന്നാണ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത്, എത്ര രൂപയുടേതായിരുന്നു അനുമതി, ഇതിനുശേഷം എത്ര പ്രാവശ്യം എസ്റ്റിമേറ്റ് തുക പുതുക്കി, ഏറ്റവും പുതിയ എസ്റ്റിമേറ്റ് എത്ര തുകയാണ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ ;

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെയാണ് ലഭ്യമായത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly.